ഭരണഭാഷ – മാതൃഭാഷ

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്

തിരുവനന്തപുരം

നമ്പർ. DTETVM/7880/2026-C2 (ACA) തീയതി: 28-09-2026

പരിപത്രം

വിഷയം:- സാങ്കേതികം- വിദ്യാഭ്യാസം- സാങ്കേതിക വിദ്യാഭ്യാസ ഡയർക്ടറുടെ കാര്യാലയം-അക്കാദമിക് സെക്ഷൻ- ലഹരി വിരുദ്ധ മാതൃ -വിദ്യാർത്ഥി പ്രതിജ്ഞ സംഗമം സംഘടിപ്പിക്കുന്നത് - സംബന്ധിച്ച്

സൂചന :- K3/186/2026-HEDN തീയതി .23.06.2026

കേരളം ഇന്ന് നേരിടുന്ന ഗുരുതരമായ സാമൂഹിക വെല്ലുവിളികളിൽ ഒന്നാണ് ലഹരിയുടെ വ്യാപനം. ലഹരി ഉപയോഗിക്കുന്നവർക്കെതിരെ കേരള സർക്കാരും, പോലീസ് , എക്സൈസ് എന്നീ വകുപ്പുകളും ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്ന സാഹചര്യത്തിൽ, ലഹരി വ്യാപനത്തെ പൂർണ്ണമായി തടയുന്നതിനായി ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലും 2026 ഒക്ടോബർ 2 ഗാന്ധിജയന്തി ദിനത്തിൽ "ലഹരിവിരുദ്ധ മാതൃ-വിദ്യാർത്ഥി പ്രതിജ്ഞാ സംഗമം" സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് എല്ലാ സ്ഥാപന മേധാവികളേയും ഇതിനാൽ അറിയിയ്ക്കുന്നു. മേൽ സൂചന കത്ത് ഇതോടൊപ്പം ഉൾക്കൊച്ചിരിക്കുന്നു.

Digitally signed by
ANI ABRAHAM
Date: 28-09-2026
08:09:11

ANI ABRAHAM
SENIOR JOINT DIRECTOR (PS)

സ്വീകർത്താവ്,

1. ഈ വകുപ്പിന് സ്ഥാപനമേധാവികൾക്കും ബന്ധപ്പെട്ട ജീവനക്കാർക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).
2. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

"ഭരണഭാഷ- മാതൃഭാഷ"

കേരളം സർക്കാർ

ഉന്നത വിദ്യാഭ്യാസ (കെ) വകുപ്പ്

നമ്പർ. K3/186/2026-HEDN 23-09-2026,തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി

1. കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
2. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

സർ,

വിഷയം:- ഉന്നത വിദ്യാഭ്യാസം - ഗാന്ധിജയന്തി ദിനത്തിൽ എല്ലാ സ്കൂളുകളിലും കോളേജുകളിലും ഒരേ സമയം "ലഹരിവിരുദ്ധ മാതൃ-വിദ്യാർത്ഥി പ്രതിജ്ഞാ സംഗമം" സംഘടിപ്പിക്കണമെന്ന ആവശ്യം - സംബന്ധിച്ച്.

സൂചന:- കാസർഗോഡ് പീപ്പിൾസ് ഫോറം പ്രസിഡന്റ്, സെക്രട്ടറി എന്നിവർ ചേർന്ന് 15-08-2026 -ൽ സമർപ്പിച്ച നിവേദനം.

സൂചന നിവേദനത്തിന്റെ പകർപ്പ് ആവശ്യമായ തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

വിശ്വസ്തതയോടെ,
ANILKUMAR C
അണ്ടർ സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

File No. DTETVM/7880/2026-C2 (ACA) (Computer No. 375242)

Generated from eOffice by Mini K S, C2 (ACA) -DTE, C2 (ACA) DTE, DIRECTORATE OF TECHNICAL EDUCATION on 28/09/2026 10:21 AM

KASARAGOD PEOPLE'S FORUM
(Reg No 407 / 94)
(A voluntary organisation of public interest)
കാസർകോട് പീപ്പിൾസ് ഫോറം

പ്രേഷിതൻ

പ്രസിഡന്റ്/സെക്രട്ടറി
കാസർഗോഡ് പീപിൾസ് ഫോറം
കാസർഗോഡ്, കേരളം

സ്വീകർത്താവ്

ബഹുമാനപ്പെട്ട മുഖ്യമന്ത്രി
കേരള സർക്കാർ
തിരുവനന്തപുരം

സാർ,

വിഷയം: **2026 ഒക്ടോബർ 2 ഗാന്ധിജയന്തി ദിനത്തിൽ കേരളത്തിലെ എല്ലാ സ്കൂളുകളിലും കോളേജുകളിലും ഒരേ സമയം "ലഹരിവിരുദ്ധ മാതൃ-വിദ്യാർത്ഥി പ്രതിജ്ഞാ സംഗമം" സംഘടിപ്പിക്കുന്നതിനുള്ള അപേക്ഷ സംബന്ധിച്ച്.**

1994-ൽ രൂപംകൊണ്ട കാസർഗോഡ് പീപ്പിൾസ് ഫോറം, സമൂഹത്തിൽ ഉയർന്നുവരുന്ന പൊതുതാൽപര്യമുള്ള വിഷയങ്ങളിൽ ഇടപെടുകയും, അവ സംബന്ധിച്ച യാഥാർഥ്യങ്ങൾ ഭരണകൂടത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും, സാധ്യമായ പരിഹാരങ്ങൾക്ക് സർക്കാരിനൊപ്പം ചേർന്ന് പ്രവർത്തിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന ഒരു സാമൂഹിക കൂട്ടായ്മയാണ്. കാസർഗോഡ് നഗരത്തിലെ കെളുഗുഡ്ഡെ പ്രദേശത്തെ മാലിന്യപ്രശ്നത്തിൽ ഇടപെട്ടുകൊണ്ട് ബന്ധപ്പെട്ട വിഷയങ്ങൾ കാസർഗോഡ് നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയും പരിഹാരത്തിലേക്ക് എത്തിക്കുകയും ചെയ്തതാണ് ഫോറത്തിന്റെ ആദ്യകാല പ്രധാന ഇടപെടലുകളിൽ ഒന്ന്. സർക്കാരിനെ വിമർശിക്കുക എന്നതല്ല, ജനങ്ങളുടെ വിഷയങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ഭരണകൂടത്തിന്റെ കൈകൾക്ക് കൂടുതൽ കരുത്ത് പകരുക എന്നതാണ് ഫോറത്തിന്റെ അടിസ്ഥാന സമീപനം. അതുകൊണ്ടുതന്നെ ഫോറത്തിലെ അംഗത്വത്തിനും വ്യക്തമായ സാമൂഹിക ഉത്തരവാദിത്വ മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നു. മദ്യപാനം, പുകവലി, ലഹരി ഉപയോഗം തുടങ്ങിയ ദുശ്ശീലങ്ങളിൽ നിന്ന് വിട്ടുനിൽക്കുന്നവരായിരിക്കണം അംഗങ്ങൾ. അതോടൊപ്പം രാഷ്ട്രീയപരമായ പക്ഷപാതങ്ങൾക്ക് അതീതമായ സമതുലിതവും ഉത്തരവാദിത്വമുള്ള സാമൂഹിക സമീപനവും ഫോറത്തിന്റെ പ്രവർത്തനങ്ങളുടെ പ്രധാന പ്രത്യേകതയാണ്. (വിവർത്തന സാഹിത്യത്തിൽ കേന്ദ്ര-സംസ്ഥാന സാഹിത്യ അക്കാദമി അവാർഡ് ജേതാവായ ശ്രീ.കെ.വി.കുമാരൻ മാസ്റ്ററാണ് നിലവിൽ ഫോറം പ്രസിഡണ്ട്)

കേരളം ഇന്ന് നേരിടുന്ന ഏറ്റവും ഗുരുതരമായ സാമൂഹിക വെല്ലുവിളികളിലൊന്നാണ് ലഹരിയുടെ വ്യാപനം. ലഹരി ഉപയോഗത്തിനെതിരെ കേരള സർക്കാർ, പോലീസ്, എക്സൈസ്, വിവിധ സർക്കാർ

OFFICE OF THE MINISTER FOR HIGHER EDUCATION
No. 1506/N /M(H.Edn)/2026
Dt.

Office: Thriveni College Campus , Vidyanagar , Kasaragod 671123
Mob: 9446281854, 9447439434, 9388012441 e-mail: kasaragodpeoplesforum@gmail.com

File No. HEDN-K3/186/2026-HEDN (Computer No. 3631403)
File No. DTETVM/7880/2026-C2 (ACA) (Computer No. 375242)
Generated from eOffice by VIJAYA KUMAR K, ASST (K3) (H.EDN), ASST (K3) (H.EDN), HIGHER EDUCATION DEPARTMENT on 23/09/2026

സംവിധാനങ്ങൾ എന്നിവർ ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നതും, പുതിയ ഘട്ടമായി "ഓപ്പറേഷൻ ക്ലീൻ" പോലുള്ള പ്രവർത്തനങ്ങളിലൂടെ ലഹരിവിരുദ്ധ പോരാട്ടം ശക്തിപ്പെടുത്തുന്നതും അഭിനന്ദനാർഹമാണ്.

എന്നാൽ, ലഹരി വ്യാപനത്തെ പൂർണ്ണമായി തടയണമെങ്കിൽ ലഹരി ഉപയോഗിക്കുന്നവരെ കണ്ടെത്തി നിയമനടപടി സ്വീകരിക്കുന്നതിനൊപ്പം, പുതിയ തലമുറയിലേക്ക് ലഹരി എത്താതിരിക്കാനുള്ള പ്രതിരോധ പ്രവർത്തനങ്ങൾക്കും അതേ പ്രാധാന്യം നൽകേണ്ടതുണ്ട്. ഈ പ്രവർത്തനം എത്രയും വേഗം ശക്തിപ്പെടുത്തേണ്ട സമയമാണിത്.

ഇതിന്റെ ഭാഗമായി കാസർഗോഡ് പീപ്പിൾസ് ഫോറം കേരള സർക്കാരിന് മുന്നിൽ ഒരു ജനകീയ നിർദ്ദേശം സമർപ്പിക്കുന്നു.

2026 ഒക്ടോബർ 2-ന് ഗാന്ധിജയന്തി ദിനത്തിൽ കേരളത്തിലെ എല്ലാ സ്കൂളുകളിലും കോളേജുകളിലും ഒരേസമയം "ലഹരിവിരുദ്ധ മാതൃ-വിദ്യാർത്ഥി പ്രതിജ്ഞാ സംഗമം" സംഘടിപ്പിക്കണമെന്നാണ് ഞങ്ങളുടെ അഭ്യർത്ഥന. ഈ പരിപാടിയുടെ പ്രത്യേകതകൾ താഴെ ചേർത്ത രീതിയിൽ ചിട്ടപ്പെടുത്താവുന്നതാണ്

1. കേരളത്തിലെ എല്ലാ സർക്കാർ, എയ്ഡഡ്, അൺഎയ്ഡഡ് സ്കൂളുകളിലും കോളേജുകളിലും ഒക്ടോബർ 2-ന് പരിപാടി സംഘടിപ്പിക്കുക.
2. സംസ്ഥാനതലത്തിൽ ഒരു പൊതുവായ സമയമായി രാവിലെ 10 മണി നിശ്ചയിക്കുക. കേരളത്തിലെ എല്ലാ സ്കൂളുകളിലും കോളേജുകളിലും കൃത്യം രാവിലെ 10 മണിക്ക് പ്രതിജ്ഞ നടത്തുന്നത് ഈ പരിപാടിക്ക് വലിയ സാമൂഹിക പ്രതീകാത്മകത നൽകും.
3. എല്ലാ വിദ്യാർത്ഥികളുടെയും അമ്മമാരെ പരിപാടിയിൽ പങ്കെടുക്കാൻ ക്ഷണിക്കുക. സാധ്യമായിടത്ത് അമ്മമാരുടെ സാന്നിധ്യം പരമാവധി ഉറപ്പാക്കാൻ PTA, അധ്യാപകർ, തദ്ദേശസ്ഥാപനങ്ങൾ എന്നിവയുടെ സഹകരണം ഉറപ്പാക്കണം.
4. **വിദ്യാർത്ഥികൾ അമ്മമാരുടെ സാന്നിധ്യത്തിൽ ലഹരിവിരുദ്ധ പ്രതിജ്ഞ എടുക്കണം.**
5. PTA പ്രസിഡന്റ് പ്രതിജ്ഞ ചൊല്ലിക്കൊടുക്കുകയും, സ്കൂളിലെ അധ്യാപകർ സാക്ഷികളായി നിലകൊള്ളുകയും ചെയ്യണം.
6. ലഹരിയുടെ ദോഷങ്ങൾ, അതിൽനിന്ന് അകന്നുനിൽക്കേണ്ടതിന്റെ ആവശ്യകത, നല്ല ജീവിതത്തിന്റെ പ്രാധാന്യം എന്നിവയെക്കുറിച്ച് പരിപാടിയിൽ ചുരുങ്ങിയ ബോധവത്കരണ സന്ദേശവും നൽകാവുന്നതാണ്.

ഒരു വിദ്യാർത്ഥിയുടെ ജീവിതത്തിലെ നിർണായകമായ വളർച്ചാകാലത്തിന്റെ വലിയൊരു ഭാഗം സ്കൂളിലാണ് കടന്നുപോകുന്നത്. അതുകൊണ്ടുതന്നെ ലഹരിവിരുദ്ധ ബോധവത്കരണത്തിന്റെ ഏറ്റവും ശക്തമായ തുടക്കകേന്ദ്രം സ്കൂളുകളാകണം. ലഹരിയുടെ അപകടങ്ങളെക്കുറിച്ച് കുട്ടികൾ ചെറുപ്പത്തിൽ തന്നെ മനസ്സിലാക്കണം. "ലഹരി പരീക്ഷിച്ചുനോക്കരുത്", "ലഹരിക്ക് അടിമയാകരുത്", "ലഹരി ഇല്ലാത്ത ജീവിതമാണ് തിരഞ്ഞെടുക്കേണ്ടത്" എന്ന ബോധ്യം അവരുടെ മനസ്സിൽ ഉറച്ചുനിൽക്കണം.

വെറും ഒരു ബോധവത്കരണ ക്ലാസിനേക്കാൾ ശക്തമായ സ്വാധീനം സ്വന്തം അമ്മയുടെ മുന്നിൽ നിന്ന് ഒരു കുട്ടി നടത്തുന്ന പ്രതിജ്ഞയ്ക്ക് ഉണ്ടാകുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. അമ്മമാരുടെ മുന്നിൽ നിൽക്കുന്ന ഓരോ വിദ്യാർത്ഥിയും, "ഞാൻ ലഹരി ഉപയോഗിക്കില്ല; ലഹരിയിൽ നിന്ന് അകന്നു നിൽക്കും; എന്റെ

File No. HEDN-K3/186/2026-HEDN (Computer No. 3631403)
File No. DTETVM/7880/2026-C2 (ACA) (Computer No. 375242)
Generated from eOffice by VIJAYA KUMAR K, ASST (K3) (H.EDN), ASST (K3) (H.EDN), HIGHER EDUCATION DEPARTMENT on 23/09/20

സുഹൃത്തുക്കളെയും ലഹരിയിൽ നിന്ന് അകറ്റിനിർത്താൻ ശ്രമിക്കും; ലഹരിയില്ലാത്ത കേരളത്തിനായി പ്രവർത്തിക്കും" എന്ന ആശയം ഹൃദയത്തിൽ സ്വീകരിക്കുന്ന സാഹചര്യം സൃഷ്ടിക്കുകയാണ് ഈ പരിപാടിയുടെ ലക്ഷ്യം. ഇത് ഒരു ദിവസത്തെ ചടങ്ങായി മാത്രം കാണേണ്ടതില്ല. ഗാന്ധിജയന്തി ദിനത്തിൽ ആരംഭിക്കുന്ന ഒരു ദീർഘകാല സാമൂഹിക പ്രതിരോധ പ്രസ്ഥാനത്തിന്റെ തുടക്കമായി ഇതിനെ മാറ്റാൻ കഴിയും.

കേരളത്തിലെ ഓരോ സ്കൂളിലും, ഒരേ ദിവസം, ഒരേ സമയത്ത്, ആയിരക്കണക്കിന് അമ്മമാരുടെ മുന്നിൽ ലക്ഷക്കണക്കിന് വിദ്യാർത്ഥികൾ ലഹരിക്കെതിരെ പ്രതിജ്ഞയെടുക്കുന്ന ദൃശ്യം തന്നെ കേരളത്തിന്റെ ലഹരിവിരുദ്ധ പോരാട്ടത്തിന് വലിയൊരു സാമൂഹിക സന്ദേശമായി മാറും. ഇത്തരമൊരു ജനകീയ ഇടപെടൽ നിലവിൽ സർക്കാർ നടത്തിവരുന്ന "ഓപ്പറേഷൻ ക്ലീൻ", "ഓപ്പറേഷൻ തണ്ടർ" ഉൾപ്പെടെയുള്ള ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്ക് കൂടുതൽ ശക്തിയും ജനപങ്കാളിത്തവും നൽകുന്നതായിരിക്കും. സർക്കാർ, പോലീസ്, എക്സൈസ്, വിദ്യാഭ്യാസ വകുപ്പ്, PTA, അധ്യാപകർ, രക്ഷിതാക്കൾ, വിദ്യാർത്ഥികൾ, തദ്ദേശസ്ഥാപനങ്ങൾ തുടങ്ങി സമൂഹത്തിന്റെ വിവിധ വിഭാഗങ്ങളെ ഒരൊറ്റ ലക്ഷ്യത്തിന് കീഴിൽ അണിനിരത്താനും ഇതിലൂടെ സാധിക്കും.

അതിനാൽ, 2026 ഒക്ടോബർ 2 ഗാന്ധിജയന്തി ദിനത്തിൽ രാവിലെ 10 മണിക്ക് കേരളത്തിലെ എല്ലാ സ്കൂളുകളിലും "ലഹരിവിരുദ്ധ മാതൃ-വിദ്യാർത്ഥി പ്രതിജ്ഞാ സംഗമം" സംഘടിപ്പിക്കുന്നതിനുള്ള സംസ്ഥാനതല തീരുമാനം കൈക്കൊള്ളണമെന്നും, ബന്ധപ്പെട്ട വകുപ്പുകൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകണമെന്നും കാസർഗോഡ് പീപ്പിൾസ് ഫോറം വിനീതമായി അഭ്യർത്ഥിക്കുന്നു. ഒരു തലമുറയെ ലഹരിയിൽ നിന്ന് സംരക്ഷിക്കുക എന്നത് ഒരു സർക്കാർ വകുപ്പിന്റെ മാത്രം ഉത്തരവാദിത്വമല്ല. അത് ഒരു സമൂഹത്തിന്റെ കൂട്ടായ ഉത്തരവാദിത്വമാണ്. ആ കൂട്ടായ്മയ്ക്ക് തുടക്കം കുറിക്കാൻ ഗാന്ധിജയന്തി ദിനത്തേക്കാൾ ഉചിതമായ മറ്റൊരു ദിവസം ഉണ്ടാകില്ല.

"ലഹരിക്കെതിരെ നിയമത്തിന്റെ ശക്തി —
ലഹരിക്കെതിരെ സമൂഹത്തിന്റെ ജാഗ്രത —
ലഹരിക്കെതിരെ അമ്മയുടെ കരുതൽ —
ലഹരിക്കെതിരെ വിദ്യാർത്ഥിയുടെ പ്രതിജ്ഞ."

ഈ നാല് ശക്തികളും ഒരുമിച്ചാൽ കേരളത്തിന്റെ പുതിയ തലമുറയെ ലഹരിയിൽ നിന്ന് സംരക്ഷിക്കുന്ന ഒരു ശക്തമായ സാമൂഹിക കവചം തീർക്കാൻ നമുക്ക് കഴിയും. അമ്മമാരുടെ മുന്നിൽ വിദ്യാർത്ഥികൾ ഒരുമിച്ച് ചൊല്ലുമ്പോൾ ഹൃദയത്തിൽ തൊടുന്ന രീതിയിൽ, വളരെ ലളിതവും ശക്തവുമായ ഒരു ലഹരിവിരുദ്ധ പ്രതിജ്ഞ ഞങ്ങൾ അങ്ങയുടെ മുമ്പിൽ സമർപ്പിക്കുന്നു.

ലഹരിവിരുദ്ധ മാതൃ-വിദ്യാർത്ഥി പ്രതിജ്ഞ

എന്റെ അമ്മയുടെ മുന്നിൽ,
എന്റെ അധ്യാപകരുടെ സാക്ഷ്യത്തിൽ,
എന്റെ നാടിന്റെ മുന്നിൽ,
ഞാൻ പ്രതിജ്ഞ ചെയ്യുന്നു.
എന്റെ ജീവിതം എനിക്ക് ലഭിച്ച അമൂല്യമായൊരു സമ്മാനമാണ്.
എന്റെ ശരീരവും മനസ്സും എന്റെ കുടുംബത്തിന്റെയും സമൂഹത്തിന്റെയും പ്രതീക്ഷയാണ്.

File No. HEDN-K3/186/2026-HEDN (Computer No. 3631403)
File No. DTETVM/7880/2026-C2 (ACA) (Computer No. 375242)
Generated from eOffice by VIJAYA KUMAR K, ASST (K3) (H.EDN), ASST (K3) (H.EDN), HIGHER EDUCATION DEPARTMENT on 23/09/20

അതിനാൽ ഞാൻ ഒരിക്കലും ലഹരി ഉപയോഗിക്കില്ല.
ലഹരി പരീക്ഷിച്ചുനോക്കുക പോലും ഇല്ല.
ലഹരിയുടെ വശീകരണത്തിന് കീഴടങ്ങുകയില്ല.
എന്റെ കൂട്ടുകാരെ ലഹരിയിലേക്ക് നയിക്കില്ല.
എന്റെ കൂട്ടുകാരിൽ ആരെങ്കിലും ലഹരിയിലേക്ക് വഴുതിപ്പോകുന്നത് കണ്ടാൽ,
അവരെ കുറ്റപ്പെടുത്താതെ സ്നേഹത്തോടെ തിരികെ കൊണ്ടുവരാൻ ഞാൻ ശ്രമിക്കും.
എന്റെ അമ്മയുടെ കണ്ണീരിന് കാരണമാകുന്ന ഒരു വഴിയും ഞാൻ തിരഞ്ഞെടുക്കില്ല.
എന്റെ കുടുംബത്തിന്റെ സ്വപ്നങ്ങൾ തകർക്കുന്ന ലഹരിയെ ഞാൻ എന്റെ ജീവിതത്തിൽ അനുവദിക്കില്ല.
ലഹരി വിൽക്കുന്നവരെയും പ്രചരിപ്പിക്കുന്നവരെയും
എന്റെ സമൂഹത്തിന്റെ ശത്രുക്കളായി തിരിച്ചറിഞ്ഞ്
അത്തരം പ്രവർത്തനങ്ങൾക്കെതിരെ ജാഗ്രത പാലിക്കും.
എന്റെ സ്വപ്നങ്ങൾ വലുതായിരിക്കും.
എന്റെ ലക്ഷ്യങ്ങൾ ഉയർന്നതായിരിക്കും.
എന്റെ മനസ്സ് സ്വതന്ത്രമായിരിക്കും.
എന്റെ ജീവിതം ലഹരിയില്ലാത്തതായിരിക്കും.
ഇന്ന് എന്റെ അമ്മയുടെയും, അദ്ധ്യാപകരുടെയും മുന്നിൽ ഞാൻ നൽകുന്ന ഈ വാക്ക്
ഒരു ദിവസത്തേക്കുള്ളതല്ല;
എന്റെ ജീവിതകാലം മുഴുവൻ ഞാൻ കാത്തുസൂക്ഷിക്കുന്ന വാക്കാണ്.
എന്റെ അമ്മയ്ക്കായി,
എന്റെ കുടുംബത്തിനായി,
എന്റെ സുഹൃത്തുക്കൾക്കായി,
എന്റെ നാടിനായി,
എന്റെ ഭാവിക്കായി—
ഞാൻ ലഹരിക്കെതിരെ നിലകൊള്ളും.
ഞാൻ ലഹരിയോട് "ഇല്ല" എന്ന് പറയും
ലഹരിയില്ലാത്ത കേരളത്തിനായി ഞാൻ കൈകോർക്കും.
"എന്റെ ജീവിതം — എന്റെ ഉത്തരവാദിത്വം.
എന്റെ തലമുറ — ലഹരിമുക്ത തലമുറ."
ഇത് എന്റെ പ്രതിജ്ഞ, പ്രതിജ്ഞ, പ്രതിജ്ഞ

ഈ നിർദ്ദേശം അനുഭാവപൂർവം പരിഗണിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

വിശ്വാസപൂർവ്വം,

എം. പത്മാക്ഷൻ
സെക്രട്ടറി
കാസർഗോഡ് പീപിൾസ് ഫോറം

കെ.വി. കുഞ്ഞിരാമൻ
പ്രസിഡന്റ്
കാസർഗോഡ് പീപിൾസ് ഫോറം

Kasaragod
15/08/2026

പകർപ്പ്:

1. ബഹുമാനപ്പെട്ട ആഭ്യന്തര മന്ത്രി, കേരള സർക്കാർ
2. ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ മന്ത്രി, കേരള സർക്കാർ
3. ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ മന്ത്രി, കേരള സർക്കാർ
4. ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി, കേരള സർക്കാർ
5. ഡയറക്ടർ ഓഫ് ജനറൽ എജ്യുക്കേഷൻ, തിരുവനന്തപുരം
6. ജില്ലാ കളക്ടർ, കാസർഗോഡ്
7. ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എജ്യുക്കേഷൻ (DDE), കാസർഗോഡ്
8. വൈസ് ചാൻസലർമാർ, വിവിധ സർവകലാശാലകൾ

KASARAGOD PEOPLES FORUM Reg. No: 407/94

File No. HEDN-K3/186/2026-HEDN (Computer No. 3631403)
File No. DTETVM/7880/2026-C2 (ACA) (Computer No. 375242)
Generated from eOffice by VIJAYA KUMAR K, ASST (K3) (H.EDN), ASST (K3) (H.EDN), HIGHER EDUCATION DEPARTMENT on 23/09/2026, 11:21:11